# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129 — 30.09.2011 ൽ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങളുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീ. എം. ഹംസ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ, സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ വികസിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) 2001 – 02 മുതൽ 2010 – 11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ എൻ.സി.ഡി.സി. യിൽ നിന്ന് നേടിയെടുക്കാൻ കഴിഞ്ഞ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) 2001 – 02 മുതൽ 2010 – 11 വരെ ആകെ 35023.29 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം എൻ.സി.ഡി.സി. യിൽ നിന്നും സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. |

| | |
|---|---|
| 2001 - 02 | 2671.47 ലക്ഷം രൂപ |
| 2002 - 03 | 3315.58 ലക്ഷം രൂപ |
| 2003- 04 | 2140.34 ലക്ഷം രൂപ |
| 2004 - 05 | 2343.80 ലക്ഷം രൂപ |
| 2005 - 06 | 2697.03 ലക്ഷം രൂപ |
| 2006 - 07 | 1368.62 ലക്ഷം രൂപ |
| 2007 - 08 | 4723.04 ലക്ഷം രൂപ |
| 2008- 09 | 7150.75 ലക്ഷം രൂപ |
| 2009 - 10 | 3646.70 ലക്ഷം രൂപ |
| 2010 - 11 | 4965.96 ലക്ഷം രൂപ |
| **ആകെ** | **35023.29 ലക്ഷം രൂപ** |

| | | | |
|---|---|---|---|
| (സി) | ഈ വർഷം ഇതിനകം എൻ.സി.ഡി.സി. യിൽ നിന്ന് എത്ര തുക ഏതെല്ലാം പദ്ധതികൾക്ക് നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്; | (സി) | ഈ വർഷം സംയോജിത സഹകരണ വികസന പദ്ധതി പ്രകാരം വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 100.19 ലക്ഷം രൂപയുടെ ധനസഹായം നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്. അതിനു പുറമേ 338.78 ലക്ഷം രൂപയുടെ പദ്ധതികൾക്കു കൂടി എൻ.സി.ഡി.സി./സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. |
| (ഡി) | എൻ.സി.ഡി.സി. വായ്പ വാങ്ങി സംഘങ്ങൾക്ക് നൽകുമ്പോൾ അതിലൊരു ഭാഗം സർക്കാർ സബ്സിഡിയായി നൽകുമോ; അതിന് നിലവിൽ സ്കീം ഉണ്ടോ? | (ഡി) | സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പീഡിത സംസ്കരണ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനും ബ്ലോക്ക് കോസ്റ്റിന്റെ 50% വായ്പയായി എൻ.സി.ഡി.സി. നൽകുമ്പോൾ, ബാക്കി തുകയുടെ 10% സബ്സിഡിയായി സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. ഐ.സി.ഡി.പി. പദ്ധതികൾക്ക് സംസ്ഥാന വിഹിതമായും സബ്സിഡി നൽകുന്നുണ്ട്. മറ്റ് പദ്ധതികൾക്ക് സബ്സിഡിയിനത്തിൽ ധനസഹായം അനുവദിച്ചു നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ